**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

# ഉഷ്ണകാല ദുരന്ത ലഘൂകരണ ക്യാമ്പയിൻ 2021

9 - 10 **മാർച്ച്** 2021

## <u>ദ്വിദിന പരിശീലന പരിപാടിയുടെ റിപ്പോർട്ട്</u>

സംസ്ഥാനത്തെ ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2021 മാർച്ച് 9, 10 തീയതികളിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആദ്യദിനം ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായും രണ്ടാം ദിനം പൊതുജനങ്ങൾക്കുമായാണ് പരിശീലന പരിപാടി നടത്തിയത്. വേനൽക്കാലത്തെ ദുരന്ത സാദ്ധ്യതകളെ നേരിടാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ജനങ്ങളെയും സജ്ജരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. സിസ്കോ വെബ്എക്സ് വഴിയാണ് പരിശീലനം നടത്തിയത്.

**ഒന്നാം ദിനം**

2021 മാർച്ച് 9 നു വൈകിട്ട് 3 മണിക്ക് പരിശീലന പരിപാടി ആരംഭിച്ചു. 25 ഓളം വകുപ്പുകളിൽ നിന്ന് 143 ഉദ്യോഗസ്ഥർ പങ്കെടുത്തു. ഡിസാസ്റ്റർ മാനേജ്മന്റ് കമ്മിഷണർ ഡോ.എ്.കൗശികൻ ഐ.എ.എസ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ആയ ശ്രീ. പ്രദീപ്. ജി. എസ് ഈ പരിപാടിയുടെ മോഡറേറ്ററായി. മീറ്റിയറോളജിസ്റ്റ് ആയ ഡോ.ഷിനു ഷീല വിൽസൺ സ്വാഗതം ആശംസിച്ചു.

ആദ്യ സെഷൻ '2021 വേനൽക്കാല സീസൺ - അവലോകനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മീറ്റിയറോളജിസ്റ് ആയ കുമാരി രമ്യ. ആർ വിഷയാവതരണം നടത്തി. സംസ്ഥാന സവിശേഷ ദുരന്തമായ ഉഷ്ണതരംഗത്തെ കുറിച്ച് വിശദീകരിക്കുകയും 2021 ഫെബ്രുവരി 27 മുതൽ മാർച്ച് 8 വരെയുള്ള ദിവസങ്ങളിലെ കേരളത്തിലെ 10 സ്റ്റേഷനുകളിലെ ഉയർന്ന താപനിലയെക്കുറിച്ചു അവലോകനം നടത്തുകയും ചെയ്തു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ താപനില ഈ വർഷം ദീർഘകാല ശരാശരിയേക്കാൾ കൂടുതൽ ആയി കാണപ്പെട്ടു. വേനല്കാലത്തേയും ചൂടിനേയും സംബന്ധിച്ചുള്ള കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും സംസ്ഥാന അടിയന്തര കാര്യനിർവഹണ കേന്ദ്രത്തിന്റെയും മുന്നറിയിപ്പുകൾ ലഭിക്കുന്ന വെബ്സൈറ്റുകൾ പരിചയപ്പെടുത്തുകയും അവ നിരന്തരം നീരീക്ഷിക്കുവാനും ആഹ്വാനം നൽകി.

രണ്ടാമത്തെ സെഷനിൽ ഹസാഡ് അനലിസ്റ്റ് ആയ ശ്രീ.ഫഹദ് മർസൂക്ക് സംസ്ഥാനത്തെ ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ (Heat Action Plan) പരിചയപ്പെടുത്തി. സംസ്ഥാനത്തെ ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖയുടെ ആവശ്യകതയെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും പ്രധാന ലക്ഷ്യങ്ങളെക്കുറിച്ചും വിശദീകരിച്ചു. 2016, 2019 വർഷങ്ങളിൽ കേരളത്തിൽ സൂര്യാഘാതം മൂലം മരണങ്ങൾ ഉണ്ടായതിനെ തുടർന്ന് കേരളം സംസ്ഥാനം ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യാതപം എന്നിവയെ സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിക്കുകയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ തയ്യാറാക്കുകയും ചെയ്തു. 27 വകുപ്പുകൾക്കുള്ള മാർഗനിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായുള്ള മാർഗനിർദേശങ്ങളും ഈ മാർഗരേഖയിൽ ഉണ്ടെന്നും അവ പരിശോധിക്കുകയും പാലിക്കുകയും വേണമെന്നും നിർദ്ദേശിച്ചു.

തുടർന്നു നടന്ന ചോദ്യോത്തരവേളയിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. ക്ഷീരകര്ഷകര്ക്കും മത്സ്യതൊഴിലാളികൾക്കും കൊടുക്കേണ്ട നിർദ്ദേശങ്ങളെ കുറിച്ചും പരീക്ഷാകാലയളവിൽ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ

ശ്രദ്ധിക്കേണ്ടത് എന്തൊക്കെയാണ് എന്നു തുടങ്ങിയ വിഷയങ്ങളിൽ ചോദ്യോത്തരവേള പുരോഗമിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങളിലും പുഴകൾക്കരികിലും മുന്നറിയിപ്പു ബോർഡുകൾ വെക്കണം എന്നും ചൂട് കുറയ്ക്കുന്നതിന് അനുയോജ്യമായ നിർമാണ രീതികളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്ന കാമ്പയിനുകൾ പഞ്ചായതുതലത്തിൽ സംഘടിപ്പിക്കണമെന്നും ഷൊർണൂർ മുനിസിപ്പാലിറ്റി സെക്രട്ടറി അഭിപ്രായപ്പെട്ടു. മൃഗസംരക്ഷണ വകുപ്പിലെ ഡോ. വി. പ്രശാന്ത് തെരുവുനായകൾക്കു ഭക്ഷണവും വെള്ളവും ലഭിക്കാതെയും ചൂടുമൂലമുള്ള സ്ട്രെസും കാരണം മരണപ്പെടുന്നു എന്ന് ആശങ്ക അറിയിക്കുകയും പക്ഷിമൃഗാതികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പൊതു അവബോധ പരിപാടികൾ സംഘടിപ്പിക്കണം എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ അംഗീകരിക്കുകയും അവർക്കുള്ള നിർദ്ദേശങ്ങൾ ശ്രീ. ഫഹദ് മർസൂക്ക് നൽകുകയും ചെയ്തു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയ ഡോ. ശേഖർ . എൽ. കുര്യാക്കോസ് സമാപന സന്ദേശം നല്കി.. ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളെ അംഗീകരിച്ചുകൊണ്ടും ആശങ്കകളെ മനസ്സിലാക്കിയും ചൂടുമായ് ബന്ധപ്പെട്ട പ്രധാനപ്പെട്ട വസ്തുതകളും നിർദ്ദേശങ്ങളും നൽകി. ഉഷ്ണകാല ദുരന്തത്തെ ലഘൂകരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും എല്ലാവരും സഹകരിക്കണമെന്നും മറ്റുള്ളവരെയും ബോധവാന്മാരാക്കാൻ ശ്രമിക്കണമെന്നും അഭ്യർത്ഥിച്ചു. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും വേണം എന്ന് ആവശ്യപ്പെട്ടു. അതേത്തുടർന്ന് ഹസാഡ് അനലിസ്റ്റ് ആയ ഡോ. ആൽഫ്രഡ് ജോണി നന്ദി പ്രകാശിപ്പിച്ചു. വൈകിട്ട് 4.50 നു പരിപാടി അവസാനിച്ചു.

**രണ്ടാം ദിനം**

പൊതുജനങ്ങൾക്കായുള്ള പരിശീലന പരിപാടി 2021 മാർച്ച് 10 നു വൈകിട്ട് 4 മണിക്ക് ആരംഭിച്ചു. പരിശീലന പരിപാടിയെ കുറിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലൂടേയും ഫേസ്ബുക് പേജിലൂടെയും വാട്സാപ്പിലൂടെയും മാധ്യമങ്ങളിലൂടെയും

പൊതുജനങ്ങളെ അറിയിച്ചിരുന്നു. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നായി 101 ആളുകൾ പങ്കെടുത്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ . എൽ. കുര്യാക്കോസ് ആമുഖ പ്രഭാഷണം നടത്തി. മീറ്റിയറോളജിസ്റ് ആയ കുമാരി രമ്യ. ആർ പരിപാടിയുടെ മോഡറേറ്ററായി. മീറ്റിയറോളജിസ്റ് ശ്രീ.രാജീവൻ.കെ സ്വാഗതം ആശംസിച്ചു. ചൂട് സംബന്ധിച്ചുള്ള ആരോഗ്യപ്രശ്നങ്ങളെയും വേനൽക്കാല തയാറെടുപ്പുകളെയും ആസ്പദമാക്കി രണ്ടു സെഷനുകളായിട്ടാണ് പരിശീലന പരിപാടി നടത്തിയത്.

ആദ്യ സെഷനിൽ ഹസാഡ് അനലിസ്റ്റ് ആയ ശ്രീ ഫഹദ് മർസൂക്ക് 'ഉഷ്ണകാല ദുരന്തങ്ങളും വേനൽക്കാല തയ്യാറെടുപ്പുകളും' എന്ന വിഷയം അവതരിപ്പിച്ചു. ഉഷ്ണകാല ദുരന്തങ്ങളായ ഉഷ്ണതരംഗം, സൂര്യാതപം, സൂര്യാഘാതം, കാട്ടുതീ, കുടിവെള്ള ക്ഷാമം, കൃഷിനാശം, ഉഷ്ണകാല സാംക്രമിക രോഗങ്ങൾ, വന്യജീവി ആക്രമണം, പക്ഷിമൃഗാദികളുടെ ചത്തൊടുങ്ങൽ, ഇടിമിന്നൽ എന്നിവയെ കുറിച്ച് വിശദീകരിച്ചു. പുറം ജോലികളിലും കാഠിന്യമുള്ള ജോലികളിലും ഏർപ്പെടുന്നവരും, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ, മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളെ ഉഷ്ണതരംഗം കൂടുതലായി ബാധിക്കാൻ ഇടയുള്ളതിനാൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം എന്ന് നിർദ്ദേശിച്ചു. മാത്രമല്ല പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും മുന്നറിയിപ്പുകൾ ലഭിക്കുന്ന വെബ്സൈറ്ററുകൾ പരിചയപ്പെടുത്തുകയും ചെയ്തു.

വേനൽക്കാല ആരോഗ്യപ്രശ്നങ്ങളെ ആസ്പദമാക്കി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ഹസാഡ് അനലിസ്റ്റ് ശ്രീ റോണു മാത്യു വിഷയമവതരിപ്പിച്ചു. സൂര്യാഘാതം, സൂര്യാതപം, ചൂട് പൊങ്ങൽ (heat rashes) തുടങ്ങിയവയാണ് ഉയർന്ന താപനില മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ. സൂര്യാഘാതം ആണ് ഏറ്റവും അപകടം ഏറിയതു. സൂര്യാതപം സൂര്യനില്നിന്നുള്ള UV രശ്മികൾ ശരീരത്തിൽ നേരിട്ട് ഏൽക്കുമ്പോൾ ഉണ്ടാകുന്നതാണ്. ചൂടേറിയ കാലാവസ്ഥയിൽ വിയർപ്പു നാളങ്ങൾക്കു ഉണ്ടാകുന്ന വീക്കമോ

തടസ്സമോ മൂലം ഉണ്ടാകുന്നതാണ് ചൂട് പൊങ്ങൽ. ഈ ആരോഗ്യപ്രശ്നങ്ങൾ എന്താണെന്നും അവ ഉണ്ടാകാനുള്ള കാരണങ്ങളും പ്രധാനപ്പെട്ട രോഗലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ചു. ഈ രോഗങ്ങൾ ഉണ്ടാകുമ്പോൾ പ്രതിരോധിക്കേണ്ടത് എങ്ങനെ എന്നും ചെയ്യേണ്ട പ്രഥമശുശ്രൂഷകൾ എതൊക്കെയെന്നും വിവരിച്ചു.

സജീവമായ ചോദ്യോത്തരവേള നടന്നു. വേനൽക്കാലങ്ങളിൽ പുറംജോലികളിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ സമയക്രമം നിജപ്പെടുത്തണമെന്നും അടിയന്തരമായി ലേബർ കമ്മീഷൻ അതിൽ ഇടപെടണം എന്നും കാസർഗോഡ് നിന്ന് മോഹനൻ മാങ്ങാട് ആവശ്യപ്പെട്ടു. ഉഷ്ണകാല ഭക്ഷണക്രമത്തെക്കുറിച്ചും സൂര്യാതപം ഏറ്റ ആൾക്ക് നൽകേണ്ടുന്ന പ്രഥമശുശ്രൂഷകളെക്കുറിച്ചും പൊതുജനങ്ങളുടെ ഇടയിൽ നിന്ന് ചോദ്യങ്ങൾ ഉയർന്നു. വേനൽക്കാലങ്ങളിൽ ക്ലബുകളും മറ്റു ഏജൻസികളും നടത്തുന്ന ടൂർണമെന്റുകളുടെയും ഇവെന്റുകളുടെയും സമയം ക്രമീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകണം എന്ന് തകഴി ഫയർ സ്റ്റേഷൻ ലെ സിവിൽ ഡിഫെൻസ് വാർഡനായ ടിന്റു ദിലീപ് അഭിപ്രായപ്പെട്ടു. ചോദ്യങ്ങൾക്കു ശ്രീ റോണു മാത്യുവും ശ്രീ. ഫഹദ് മർസൂക്കും മറുപടി നൽകി. ഹസാഡ് അനലിസ്റ്റ് ആയ ശ്രീ. നിഖിൽ എസ് നന്ദി പ്രകാശിപ്പിച്ചു. ഈ ദ്വിദിന പരിശീലന പരിപാടി വൈകിട്ട് 5.25 നു അവസാനിച്ചു.

പരിപാടിയിൽ പങ്കെടുക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തവരുടെ ലിസ്റ്റ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.


# List of Participants – 9 March 2021

| Sl No | Name | Department |
|---|---|---|
| 1 | Rahul Suresh | Education |
| 2 | Dr Alfred Johny | KSDMA |
| 3 | Sandhya S G | Irrigation Department |
| 4 | Gokul A | KSDMA |
| 5 | Fahad M | Dairy Development Department |
| 6 | Dr. Mithin u c | Animal Husbandry Department |
| 7 | Praseed N S | Kerala State Irrigation Department |
| 8 | Dr. Dilip Falgunan | Animal Husbandry Department |
| 9 | Dr.Ganesh.G | Animal Husbandry Department |
| 10 | Chandini P C Senan | SEOC |
| 11 | Biju S | URBAN AFFAIRS |
| 12 | John Richard Thomas | KSDMA |
| 13 | Rajalakshmi Radhakrishnan | KSDMA |
| 14 | Arun Chand C | Gwd |
| 15 | Sajina p k | Irrigation |
| 16 | Hareesh N A | KSDMA |
| 17 | Alen Abraham | KSDMA |
| 18 | Dr. K.A.Sreejith | Kerala Forest Research Institute |
| 19 | Binu Jose | Water Resources Dept |
| 20 | Mini George | Dept of Agriculture Development and Farmers welfare |
| 21 | Fabin Paily M | Animal husbandry department |
| 22 | Dr.Vijith H | KSDMA |
| 23 | Sarathlal V v | SEOC |
| 24 | Dr Venugopal | Animal Husbandry |
| 25 | suresh | labour |
| 26 | T R Manojkumar | LABOUR |
| 27 | Vinod Kumar V | Fire & Rescue Services |
| 28 | Praveen Kumar K A | Groundwater Department |

| | | |
|---|---|---|
| 29 | Rajeevan K | KSDMA |
| 30 | SUBIN PAUL | General Education Kerala |
| 31 | Chithra Mahadevan | Education |
| 32 | Vignesh | KSDMA |
| 33 | Rajeev T R | KSDMA |
| 34 | Ramesh Krishnan | CITY DM CELL, TMV |
| 35 | Dr. Abdul Lathief K. A | Animal Husbandry Department |
| 36 | Susmy Sunny | Revenue and Disaster Management |
| 37 | MC Thiruvananthapuram | India Meteorological Department |
| 38 | Arun Lal | Ground water department |
| 39 | Sandeep S | Kerala Forest Research Institute |
| 40 | Dr. Gadhafi K P | Animal Husbandry |
| 41 | G Binsilal | District Information Office TVM, PRD |
| 42 | Krishnadas P V | KSEB |
| 43 | Litty Augustine | Irrigation |
| 44 | Anish M Ali | Ground Water Department |
| 45 | Dr. Nighil Rosh A S | Animal husbandry |
| 46 | Dr Ummuselma C | Directorate of Urban Affairs |
| 47 | Rose wish .PK | Gl Education |
| 48 | Sreejith o | General education |
| 49 | Dr. Shinu Sheela Wilson | KSEOC, KSDMA |
| 50 | Remya R | KSEOC |
| 51 | Praveen P U | KSDMA |
| 52 | Tinoj John | KSDMA |
| 53 | Sreeja.S | Education |
| 54 | Aiswarya A Kailas | Thiruvananthapuram Municipal Corporation |
| 55 | Assistant Development Commissioner, EKM | Rural Development |
| 56 | Pramod K | Urban Affairs, LSGD |
| 57 | Dr. Haroon Abdul Rasheed | Animal husbandry |
| 58 | Dr Rajith T | Animal Husbandry |
| 59 | Lekshmi Vijayachandran | KSDMA |
| 60 | Dr Joju Johns | Animal Husbandry |
| 61 | KSEB Thodupuzha | KSEB |
| 62 | Litty Augustine | Irrigation |

| | | |
|---|---|---|
| 63 | Deepa. P | Labour |
| 64 | Deepa. P | Labour |
| 65 | Varun | Groundwater |
| 66 | Raj Kumar S | KSEB Ltd |
| 67 | Bose Jacob | KSEBL |
| 68 | Shylimon P P | Irrigation Department |
| 69 | Arun Prabhakar MP | Ground Water Department, Malappuram |
| 70 | Dr V Prasanth | Animal Husbandry |
| 71 | Sheena E | Dairy Development Department |

Webinar on Heat wave Risk Reduction-202103...




# List of Participants – 10 March 2021

1. Aswathy.AV
2. Keerthi J R
3. Rajeev C
4. Akshaya D G
5. Gokul A
6. Athira N
7. Prem G Prakash
8. Anupama A Nair
9. Hareesh N A
10. Rajeevan K
11. Ashhar Jabbar
12. Ani Thomas Idiculla
13. Gowri A K
14. Fathima N
15. Stephy Rajan M
16. Vrindha BJ
17. RAMU P
18. Sneha Mathew
19. Ahammed Shafeeque P
20. Ananya N
21. Dr. Shinu Sheela Wilson
22. John Richard Thomas
23. Praveen P U
24. Sarathlal V v
25. Remya R
26. Anjana AP
27. Archana S Nair
28. Shyma. A
29. Muhammed shalikh
30. Keerthi J R
31. Tintu Dileep
32. Gouri Ajith
33. Sruthi. S. M
34. Aarathi krishna. V
35. Adithya b.s
36. Gopika. P
37. Bejoy OP
38. Rajeevan K
39. Asha V K Menon
40. Anjana SA
41. Vignesh K R
42. Kavitha p v
43. Dr.Magesh G

44. Lekshmi Vijayachandran
45. Abilash Mangode
46. Savin.K.S
47. TINOJ JOHN
48. Arjun
49. Manjima B
50. Brijith Maria Thomas
51. Anjana AP
52. Hussain Cheruthuruthy
53. Sindu .A.Kartha
54. Elza Baby
55. Sreenidhy Ramachandran

Webinar on Heat Wave Risk Reduction-20210...



## Summer Hazard Risk Reduction Campaign - 2021

9 - 10 March 2021

Day 1

**Webinar for Officials** - March 9, 2021, 3 pm to 4.30 pm

Moderator : *Mr. Pradeep G.S*, Hazard And Risk Analyst, KSEOC

| | | |
|---|---|---|
| Welcome | *Dr. Shinu Sheela Wilson*, Meteorologist, KSEOC | |
| Introductory Remarks | *Dr. A. Kowsigan IAS*, Commissioner, Disaster Management. | |
| Training Sessions | | |
| Session 1 | Seasonal outlook for the Temperatures, Early warning system and its Dissemination | *Ms. Remya R*, Meteorologist, KSEOC |
| Session 2 | Overview of Kerala State Heat Action Plan | *Mr. Fahad Marzook*, Hazard Analyst, KSEOC |
| Closing Remarks | *Dr. Sekhar L Kuriakose*, Member Secretary, KSDMA | |
| Vote of Thanks | *Dr. Alfred Johny*, Hazard Analyst, KSEOC | |
| End of the programme | | |

Meeting link:
https://keralasdma.webex.com/keralasdma/j.php?MTID=m0f5ff6126b47ca7fabe8bdec9da5a390
Meeting number:
182 121 2668
Password:
Abcd@123

Day 2

**Webinar for Public** - March 10, 2021, 4 pm to 5.30 pm

Moderator : *Ms. Remya R*, Meteorologist, KSEOC

| | | |
|---|---|---|
| Welcome | *Mr. Rajeevan*, Meteorologist, KSEOC | |
| Introductory Remarks | *Dr. Sekhar L Kuriakose*, Member Secretary, KSDMA | |
| Training Sessions | | |
| Session 1 | Management, Prevention and Mitigation of Summer Hazards | *Mr. Fahad Marzook*, Hazard Analyst, KSEOC |
| Session 2 | Heat Related Health Issues | *Mr. Ronu Mathew*, Hazard Analyst, KSEOC |
| Vote of Thanks | *Mr.Nikhil.S*, Hazard Analyst, KSEOC | |
| End of the programme | | |

Meeting link:
https://keralasdma.webex.com/keralasdma/j.php?MTID=m491151bade1e0776a760f8f752a12fef

Meeting number:
182 572 7508
Password:
Abcd@123


സംസ്ഥാനതല ഉഷ്ണകാല ദുരന്ത
ലഘൂകരണ ക്യാമ്പയിൻ
പൊതുജനങ്ങൾക്കും
ഉദ്യോഗസ്ഥർക്കും
പരിശീലന
പരിപാടി
2021 മാർച്ച്
9 & 10
കേരള സംസ്ഥാന ദുരന്ത
നിവാരണ അതോറിറ്റി
Sp Adobe Spark